# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 984** **30.10.2019 ലെ മറുപടി**

## വൈപ്പിൻ മുനമ്പം തീരദേശത്ത് പുലിമുട്ടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ : | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) വൈപ്പിൻ മുനമ്പം തീരത്ത് പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) വൈപ്പിൻ മുനമ്പം തീരത്ത് എടവനക്കാടിൽ 2008 ൽ ഐ.ഐ.ടി മദ്രാസ് മുഖാന്തിരം ഒരു തീരദേശപഠനം നടത്തിയിരുന്നു. 6 പുലിമുട്ടുകൾ ഉൾപ്പെടുന്ന ഒരു പുലിമുട്ട്പാടം ടി. പ്രദേശത്ത് നിർമ്മിക്കുവാൻ പഠന റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സി.പി.1136 നും സി.പി.1139 നും ഇടയിൽ സുനാമി റിഹാബിലിറ്റേഷൻ പ്രോഗ്രാമിലുൾപ്പെടുത്തി 2 പുലിമുട്ടുകൾ നിർമ്മിക്കുകയുണ്ടായി. ബാക്കിയുള്ള 4 പുലിമുട്ടുകളുടെ 377 ലക്ഷം രൂപയുടെ പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. കൂടാതെ എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് എടവനക്കാട് അണിയിൽ (സി.പി.1128 നും സി.പി.1124 നും ഇടയിൽ) 82.50 ലക്ഷം രൂപയുടെ ഒരു പുലിമുട്ടിന്റെ നിർമ്മാണപ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി. പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി, ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.<br>സി.പി.1128 നും സി.പി.1124 നും ഇടക്ക് 5 പുലിമുട്ടുകളുടെ നിർമ്മാണത്തിന് പ്ലാൻ ശീർഷകത്തിൽ സമർപ്പിച്ച എസ്റ്റിമേറ്റുകൾ ഐ.ഐ.ടി.യുടെ പ്രദേശ നിർദ്ദിഷ്ട പഠന റിപ്പോർട്ട് സഹിതം പുനർസമർപ്പിക്കുവാൻ നടപടിയെടുത്തു വരുന്നു. |
| (ബി) ഏതൊക്കെ സ്ഥലങ്ങളിലാണ് പുലിമുട്ട് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) എടവനക്കാട് , നായരമ്പലം, ഞാറയ്ക്കൽ, പഴങ്ങനാട്, വെളിയത്താംപറമ്പ്, മുനമ്പം, ചെറായി എന്നീ സ്ഥലങ്ങളിലാണ് പുലിമുട്ട നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത് |

| | | |
|---|---|---|
| (സി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ? | (സി) കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ മാറി വരുന്ന പാരിസ്ഥിതിക സാഹചര്യം കണക്കിലെടുത്ത് പുലിമുട്ട് പാടം സ്ഥാപിക്കുന്നതിന് പുതുതായി പഠനം നടത്തേണ്ടത് ആവശ്യമാണ്. പഠനത്തിന്റെ അടിസ്ഥാനത്തിലുള്ള രൂപകല്പനയും ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ ആവശ്യകതയും മുൻഗണനയും പരിഗണിച്ച് പ്രവൃത്തി ഏറ്റെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**